## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3678 — 20.06.2019 ൽ മറുപടിക്ക്

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത് ലാബ്

| ചോദ്യം<br><br>ശ്രീ.ആർ. രാജേഷ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | ആർദ്രം പദ്ധതിയിൽ മാവേലിക്കര ആശുപത്രി താലൂക്ക്തല ആശുപത്രികളുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. അതിനാൽ ആർദ്രം മാനദണ്ഡമനുസരിച്ചുള്ള തസ്തികകൾ ടി സ്ഥാപനത്തിൽ ലഭ്യമാണ്. ആർദ്രം മാനദണ്ഡത്തിൽ ഫോറൻസിക് സർജന്റെ തസ്തിക ഉൾപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ കാത് ലാബ് സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | ആരോഗ്യ വകുപ്പിൽ ഒരു ജില്ലയിൽ ഒരു കാത്ത് ലാബ് എന്ന രീതിയിലാണ് കാത്ത്ലാബുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നത്. നിലവിൽ ജനറൽ ആശുപത്രി, ആലപ്പുഴയിൽ കിഫ്ബി പദ്ധതി പ്രകാരം കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മാവേലിക്കര ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ